Reg. No.: ...............................

Name : ...............................

**IV Semester B.A. Degree CBCSS (OBE) Regular/Supplementary/ Improvement Examination, April 2022**
**(2019 Admission Onwards)**
**COMPLEMENTARY ELECTIVE COURSE IN MALAYALAM**
**4C04 MAL : മലബാർ പഠനങ്ങൾ**

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങളിൽ നിന്ന് **രണ്ടെണ്ണ**ത്തിന് ഉത്തരമെഴുതുക. **ഏഴു** മാർക്ക് വീതം.

1) 'ആത്മഭാഷണത്തിന്റെ ജീവസ്സുറ്റ ശൈലിയിൽ കീഴാളജീവിതത്തെ അവതരിപ്പിക്കാൻ എച്ചിൽ ജീവിതം എന്ന കൃതിക്ക് സാധിച്ചിട്ടുണ്ട്. ചർച്ച ചെയ്യുക.

2) 'കാസർക്കോടിന്റെ ചരിത്രവും സംസ്കാരവും മിശ്രസംസ്കൃതിയുടേതാണ്'. പലമയുടെ കൂടൽ എന്ന പാഠഭാഗത്തെ മുൻനിർത്തി വിശദീകരിക്കുക.

3) 'നാട്ടുഭാഷയുടെ തനിമയും സൗന്ദര്യവുമാണ് കുടനന്നാക്കുന്ന ചോയി എന്ന നോവലിനെ മികവുറ്റ വായനാനുഭവമാക്കിത്തീർക്കുന്നത്'. വ്യക്തമാക്കുക.

4) പഠനയാത്രയുടെ ഭാഗമായി നിങ്ങൾക്കുണ്ടായ അറിവുകളും അനുഭവങ്ങളും വിശദമാക്കുക.

II. **നൂറ്റമ്പത്** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **മൂന്നു** മാർക്ക് വീതം.

5) കുഞ്ഞിമംഗലം ദേശവുമായി ബന്ധപ്പെട്ട മിത്തുകളേതൊക്കെ ?

6) ഉരിഡവ ഗൗഡാലു വിഭാഗത്തിന്റെ സാംസ്കാരിക ജീവിതത്തെക്കുറിച്ച് വിവരിക്കുക.

7) കലാമണ്ഡലം കൃഷ്ണൻ നായർക്ക് കഥകളിവേഷം കെട്ടാൻ ആഗ്രഹമുണ്ടായ സാഹചര്യം എന്ത് ?

8) വടക്കൻ കാസർക്കോടിന്റെ വ്യവഹാരഭാഷയായ മലമെയുടെ പ്രത്യേകതകൾ എന്തൊക്കെ ?

P.T.O.



9) 'ജീവിക്കാൻ വകയില്ലാത്ത പെണ്ണുങ്ങൾക്ക് ഒരു നാഥനുണ്ടാക്കുക മാത്രമാണോ ബാപ്പ ഇതുകൊണ്ട് ചെയ്തത്'. സന്ദർഭം വിശദമാക്കുക.

10) തുളു, മലയാളഭാഷകളിലെ സമാനാർത്ഥത്തിലുള്ള കടങ്കഥകൾ ഏതൊക്കെയെന്ന് വിശദമാക്കുക.

III. **നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **രണ്ട്** മാർക്ക് വീതം.

11) 'ഇന്നത്തെ കുട്ടികൾ ''വിദ്യഭ്യാസം, പ്രബന്ധം'' എന്നൊക്കെ പറഞ്ഞു കേൾക്കുമ്പോൾ സങ്കടം തോന്നാറുണ്ട്'. സന്ദർഭം വ്യക്തമാക്കുക.

12) 'ഇത് അറിയാതെ ചെയ്തതാണ്. കുറ്റമെന്നു പറയാനാവില്ല. തന്നെയുമല്ല കൊച്ചു കുട്ടിയാണ്'. വിവക്ഷിതം വിശദമാക്കുക.

13) കാസർകോടൻ ഭാഷയും സംസ്കാരവും മലയാളസാഹിത്യത്തിൽ എങ്ങനെയെല്ലാം പ്രത്യക്ഷപ്പെട്ടു എന്ന് ചുരുക്കിയെഴുതുക.

14) മിതവാദി പത്രത്തിന്റെ സാംസ്കാരിക സംഭാവനകൾ എന്തൊക്കെ ?

15) 'അമ്മിണിക്ക് കഥയുണ്ടാക്കി പറയുന്നതിൽ വലിയ ഇഷ്ടമുണ്ട്'. വ്യക്തമാക്കുക.

16) പട്ടത്തൂർ ഗ്രാമത്തിന്റെ ഭൂപ്രകൃതി, സംസ്കാരം എന്നിവയെപ്പറ്റി എ. കെ. റിയാസ് മുഹമ്മദ് നൽകുന്ന വിവരങ്ങൾ എന്തൊക്കെ ?

IV. **നാല്** ചോദ്യങ്ങൾക്ക് കുറിപ്പുകൾ തയ്യാറാക്കുക. **ഒന്നര** മാർക്ക് വീതം.

17) സപ്തഭാഷാസംഗമഭൂമി

18) കോലത്തുനാട്

19) ഏഴിമല

20) പക്ഷിപ്പാട്ട്

21) കാടകം വനസത്യാഗ്രഹം

22) ഹെർമൻ ഗുണ്ടർട്ട്.